ഭരണഭാഷ- മാതൃഭാഷ

# വ്യാവസായിക പരിശീലന വകുപ്പ്

(കേരള സർക്കാർ)

സ്റ്റേറ്റ് ഇംപ്ളിമെന്റേഷൻ സെൽ
ഡയറക്ടറേറ്റ് ഓഫ് ട്രെയ്നിംഗ്
തൈയ്ക്കാട്, തിരുവനന്തപുരം– 695 014

നമ്പർ. എസ്.ഐ.സി. 19272 /എം.ഇ.എസ്/13 തിയതി 25.10.2013

**മെമ്പർ സെക്രട്ടറി**

**സർക്കാർ വകുപ്പ് മേധാവികൾ**
**പൊതു മേഖലാ സ്ഥാപന മേധാവികൾ**
**അർദ്ധ സർക്കാർ / സ്വയംഭരണ സ്ഥാപന മേധാവികൾ**

ബഹുമാന്യരേ,

വിഷയം :- **ദേശീയ നൈപുണ്യ വികസന നിയം – സ്കിൽ ഡവലപ്മെന്റ് ഇനിഷ്യേറ്റീവ് സ്കീം - വിടിപി / അസ്സസ്സിംഗ് ബോഡി രജിസ്ട്രേഷൻ സംബന്ധിച്ച്.**

സൂചന :- **വ്യാവസായിക പരിശീലന വകുപ്പ് ഡയറക്ടറുടെ ഇതേ നമ്പർ 22.10.2013 ലെ കത്ത്.**

സൂചന കത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. കേന്ദ്രസർക്കാർ ആവിഷ്ക്കരിച്ച്, വ്യാവസായിക പരിശീലന വകുപ്പ് സംസ്ഥാനത്ത് നടപ്പാക്കുന്ന 'നൈപുണ്യ വികസന പദ്ധതി' (സ്കിൽ ഡവലപ്മെന്റ് ഇനിഷ്യേറ്റീവ് സ്കീം) യിൽ സർക്കാർ വകുപ്പുകൾ / പൊതുമേഖല / സ്വയംഭരണ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾക്ക് രണ്ടു വിധത്തിൽ പങ്കാളികളാകാം.

ഒന്ന് :- സ്കിൽ ട്രെയ്നിംഗിന് തെരഞ്ഞെടുത്തിട്ടുള്ള 74 സെക്ടറുകളിലെ 1500 ൽ പരം കോഴ്സുകളിൽ പരിശീലനം നല്കാൻ സാധിക്കുമെങ്കിൽ **വൊക്കേഷണൽ ട്രെയ്നിംഗ് പ്രൊവൈഡർ (വി.ടി.പി)** ആയി രജിസ്റ്റർ ചെയ്തു പ്രവർത്തിക്കാവുന്നതാണ്. ഒരു സ്ഥാപനത്തിന് കീഴിൽ ശാഖകളും അനുവദിക്കും. എന്നാൽ ഓരോ ശാഖയും പ്രത്യേകം രജിസ്റ്റർ ചെയ്തിരിക്കണം. ഒരു കുട്ടിക്ക് ഒരു മണിക്കൂറിന് 25 രൂപ നിരക്കിൽ പരിശീലന ഫീസ് ലഭിക്കുന്നതാണ്.

രണ്ട്:- യോഗ്യതയുള്ള അസ്സസ്സർമാരുടെ ലഭ്യതയും സുതാര്യമായ കൃത്യനിർവഹണ ശേഷിയുമുണ്ടെങ്കിൽ, വിടിപികളിൽ പരിശീലനം പൂർത്തിയാക്കിയവരെ വിലയിരുത്തുന്ന **അസ്സസ്സിംഗ്ബോഡിയായി** പ്രവർത്തിക്കാം. ഒരു ട്രെയ്നിക്ക് 1000 രൂപ നിരക്കിൽ അസ്സസ്സിംഗ് ഫീസ് ലഭിക്കും.

മേൽവിവരിച്ച പ്രകാരം വി.ടിപി / അസ്സസ്സിംഗ് ബോഡിയായി രജിസ്റ്റർ ചെയ്യുന്നതിന് ഇപ്പോഴുള്ള അവസരം പരമാവധി പ്രയോജനപ്പെടുത്താൻ ഉചിതമായ നടപടി സ്വീകരിക്കണമെന്ന് ഇതിനാൽ താല്പര്യപ്പെടുന്നു.

വിശദവിവരങ്ങൾ www.det.kerala.gov.in എന്ന സൈറ്റിലെ **MES** click ചെയ്യുക.

വിശ്വസ്തതയോടെ,

മെമ്പർ സെക്രട്ടറി
(ട്രെയ്നിംഗ് ഡയറക്ടർ)